# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.53 — 24-01-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.എം. നൗഷാദ്
ശ്രീ.എ. പ്രദീപ്കുമാർ
ശ്രീ.കെ.ജെ. മാക്സി
പ്രൊഫ.കെ.യു. അരുണൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ജി.എസ്.ടി. മൂലമുള്ള സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പാക്കിയതിലെ അനവധാനതയും ആയത് നടപ്പിലാക്കുന്നതുകൊണ്ടുണ്ടാകുന്ന റവന്യു നഷ്ടത്തിനുള്ള പരിഹാരം യഥാസമയം നൽകാത്തതും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയത് വികസന പദ്ധതികളെ എത്തരത്തിൽ ബാധിച്ചെന്ന് അറിയിക്കാമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കു സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യു ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനക്രമീകരിച്ചു. ഇതുകൂടാതെ ചരക്കു സേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടിയുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിയ്ക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയു ണ്ടാകുന്ന റവന്യു നഷ്ടത്തിനുള്ള നഷ്ട പരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടി ട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap അഥവാ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതുവഴിയുണ്ടായ പ്രതിമാസ റവന്യു നഷ്ടമെത്രയെന്ന് കണക്കാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | |

ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

ജി.എസ്.ടി. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എന്ത് പ്രതിഫലനമാണ് ഉളവാക്കിയിട്ടുള്ളതെന്ന് കൃത്യമായി വില യിരുത്തുവാൻ സമയമായിട്ടില്ല. എന്നിരു ന്നാലും അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യ വർദ്ധിത നികുതി അടക്കം) മുൻവർഷത്തെ ക്കാൾ 6.36% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പന നികുതി + ചരക്കുസേവന നികുതി) 1.33% ആയി ഇടിയുകയുണ്ടായി. 2016-17-ൽ ആയത് യഥാക്രമം 7.04% വും 13.13 % വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പന നികുതി (വാറ്റ്/ ജിഎസ്ടി സഹിതം) 2017 നവംബർ 30 വരെ കുറിച്ചിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്. എന്നാൽ കേന്ദ്ര സർക്കാർ നൽകുന്ന നഷ്ടപരിഹാരവും കൂടെ കണക്കിലെടുക്കുമ്പോൾ 14% വർദ്ധനയുണ്ട്. 2016-17-ൽ ഇത് 10.24% ആയിരുന്നു. അതേസമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി.

ചരക്കുസേവന നികുതിയുടെ വരവോടു കൂടി നികുതി വളർച്ചയിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടാകാത്ത പശ്ചാത്തലത്തിലും 2017 നവംബർ 30 വരെയുള്ള കാലയളവിൽ പദ്ധതി ചെലവിൽ മുൻവർഷത്തെക്കാൾ 20.35% വും ആകെ ചെലവിൽ 21.87% വും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ജി.എസ്.ടി നടപ്പിലാക്കിയ വഴി ഉണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം നൽകുന്നത് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാന ത്തിലാണ്. 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി

| | | |
|---|---|---|
| | | രൂപയാണ്. ദ്വൈമാസ കണക്കിൽ നഷ്ട പരിഹാരത്തിന്റെ ആദ്യരണ്ട് ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്തംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. പ്രാബല്യത്തിലായതോടെ നികുതി നിരക്ക് കുറഞ്ഞെന്ന് പറയുന്നുണ്ടെങ്കിലും വില അമിതമായി വർദ്ധിക്കാനിടയായതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ ; ഇക്കാര്യത്തിലിടപെടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ ? | നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും പല ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തന ക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്ത പടിയായി 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. ഇന്ധനത്തിന്റെ ദിവസേനയുള്ള വില വർദ്ധനവും ഉല്പന്നങ്ങളുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ